ഉത്തരം

(എ) 2175.

(ബി) 67 രാഷ്ട്രീയ കൊലപാതകങ്ങൾ 2108 മറ്റ് കൊലപാതകങ്ങൾ.

(സി) ആറ് രാഷ്ട്രീയ വിദ്യാർത്ഥി കൊലപാതകങ്ങൾ.

(ഡി) വിശദ വിവരം ശേഖരിച്ചു നൽകുന്നതാണ്

(ഇ) വിശദ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) ചാർജ് ചെയ്ത കേസുകൾ.

1. പുളിക്കീഴ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 154/96-പ്രതികൾ എസ്.എഫ്.ഐ.വിദ്യാർത്ഥികൾ. പ്രതികളെ കോടതി വെറുതെ വിട്ടു.
2. ചങ്ങനാശ്ശേരി പോലീസ് ക്രൈം നമ്പർ 217/97 പ്രതികൾ എസ്.എഫ്.ഐ. പ്രവർത്തകർ. കേസ് വിചാരണയിലാണ്.
3. പാറശ്ശാല പോലീസ് ക്രൈം നം. 128 /99-പ്രതികൾ എസ്.എഫ്.ഐ./ ഡി.വൈ.എഫ്.ഐ. പ്രവർത്തകർ.

ചാർജ്ജ് ചെയ്യാത്ത കേസ്

കഴക്കൂട്ടം പോലീസ് ക്രൈം നമ്പർ 217/97-പ്രതികൾ ആർ.എസ്.എസ./ എ.ബി.വി.പി. പ്രവർത്തകർ. കേസ് അന്വേഷണാവസ്ഥയിലാണ്.

പോലീസ് വെടിവയ്പ്

120 (121) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരത്തിന് സമീപം പാറക്കടവ്, ചെക്യാട്, താഹക്കോട്ടൂർ, കേയംപ്രം, ചെറ്റക്കാണ്ടി, താനി, ഉമ്മത്തൂർ മുതലായ സ്ഥലങ്ങളിലും അവയുടെ പരിസര പ്രദേശങ്ങളിലും 2001 ജനുവരി 10 മുതൽ 20 വരെ ഉള്ള തീയതികളിൽ പോലീസ് എത്ര പ്രാവശ്യം വെടി വച്ചു ;

(ബി) ഏതു രാഷ്ട്രീയ കക്ഷിയുടെ അംഗങ്ങളോ അനുഭാവികളോ അക്രമം നടത്തുമ്പോഴാണ് പോലീസ് മുകളിലേയ്ക്ക് വെടി വച്ചത് ;

(സി) ഈ തീയതികൾക്കിടയിൽ പ്രസ്തുത സ്ഥലങ്ങളിലും അവയുടെ പരിസര പ്രദേശത്തും എത്രപേർ കൊല്ലപ്പെട്ടു ;

(ഡി) എത്രപേർക്ക് പരിക്കേറ്റു ; എത്ര ബോംബ് സ്ഫോടനങ്ങളുണ്ടായി ;

(ഇ) എത്ര വീടുകൾ ആക്രമിക്കപ്പെടുകയോ കത്തിക്കപ്പെടുകയോ ചെയ്തു ;

(എഫ്) എത്ര വീടുകളിൽ കൊള്ള നടന്നു ; എത്ര വാഹനങ്ങൾ കത്തിക്കുകയോ തകർക്കപ്പെടുകയോ ചെയ്തു ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) എത്ര ബലാൽസംഗക്കേസുകളുണ്ടായി ;

(എച്ച്) പ്രസ്തുത കേസുകളിലെ എത്രപേർക്കെതിരെ കേസ് എടുത്തു ; എത്രപേരെ അറസ്റ്റു ചെയ്തു ?

ഉത്തരം

(എ&ബി) അക്രമികളെ പിരിച്ചു വിടുന്നതിന് പോലീസ് രണ്ടുപ്രാവശ്യം വെടിവച്ചു.

(സി) ആരും കൊല്ലപ്പെട്ടിട്ടില്ല.

(ഡി) ആർക്കും പരിക്കേറ്റിട്ടില്ല ; 36 ബോംബ് സ്ഫോടനങ്ങൾ നടന്നു.

(ഇ&എഫ്) 40 വീടുകൾ ആക്രമിക്കപ്പെട്ടതായും 17 വീടുകൾ തീവയ്ക്കപ്പെട്ടതായും പരാതികൾ ലഭിച്ചിട്ടുണ്ട്. കേസ് രജിസ്റ്റർ ചെയ്തു പോലീസ് അന്വേഷണം നടത്തിവരികയാണ്. മറ്റ് വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല.

(ജി) നാദാപുരം സംഭവവുമായി ബന്ധപ്പെട്ട് ബലാൽസംഗം നടന്നതായി പരാതി ലഭിച്ചിട്ടില്ല. എന്നാൽ സ്ത്രീകൾ ആക്രമിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(എച്ച്) നാദാപുരം സംഭവവുമായി ബന്ധപ്പെട്ട് 1307 പേർക്കെതിരെ 212 കേസുകൾ എടുത്തിട്ടുണ്ട്. 462 പേരെ അറസ്റ്റു ചെയ്തു.

രാഷ്ട്രീയ സംഘട്ടനങ്ങളോടനുബന്ധിച്ച് നടന്ന ബലാൽസംഗങ്ങൾ

121 (122) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് നടന്ന രാഷ്ട്രീയ സംഘട്ടനങ്ങളോടോ മറ്റെന്തെങ്കിലും അക്രമങ്ങളോടോ അനുബന്ധിച്ച് സ്ത്രീകളേയും കുട്ടികളേയും കൂട്ടബലാൽസംഗം ചെയ്ത എന്തെങ്കിലും സംഭവം ഉണ്ടായിട്ടുണ്ടോ ;

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് നടന്ന രാഷ്ട്രീയ സംഘട്ടനങ്ങളോടോ മറ്റെന്തെങ്കിലും അക്രമങ്ങളോടോ അനുബന്ധിച്ച് സ്ത്രീകളേയും കുട്ടികളേയും ബലാൽസംഗം ചെയ്ത എന്തെങ്കിലും സംഭവം ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച് വിശദാംശം നൽകാമോ ;

(സി) 2001 ജനുവരിയിൽ നാദാപുരം നിയോജകമണ്ഡലത്തിലെ തെരുവൻപറമ്പിലുണ്ടായ അക്രമങ്ങളോടനുബന്ധിച്ച് കൂട്ടബലാൽസംഗത്തിനിരയായെന്ന് എത്ര അമ്മമാരും കുട്ടികളും പരാതിപ്പെട്ടിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly